**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1292** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഖാദർ കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **null**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഖാദർ കമ്മീഷൻ റിപ്പോർട്ട് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ എന്തൊക്കെ തുടർ നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | (എ) | 12-ാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണത്തിന്റേയും ഏകോപനത്തിന്റെയും ഭാഗമായി നിലവിലുണ്ടായിരുന്ന 3 ഡയറക്ടറേറ്റുകളും സംയോജിപ്പിക്കുകയും ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യുക്കേഷൻ എന്ന പുതിയ പൊതു സംവിധാനം രൂപീകരിക്കുകയും ചെയ്തു. കൂടാതെ ഡയറക്ടർ ഓഫ് ജനറൽ എഡ്യുക്കേഷൻ എന്ന അധികാര സ്ഥാനം ഐ.എ.എസ് കേഡറിൽ സ്ഥാപിക്കുകയും ചെയ്തു. നിലവിൽ ഏകീകരണത്തിന്റെ തുടർ നടപടിയുടെ ഭാഗമായി ഗവൺമെന്റ് സെക്രട്ടേറിയേറ്റിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സെല്ലിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുമായി 23.02.2022 ലെ സ.ഉ(സാധാ)നം.1030/2022/പൊ.വി.വ പ്രകാരം കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ